**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3360** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഭൂരേഖ ഡിജിറ്റലൈസ് ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരേഖ ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. ഇതിൽ 87 വില്ലേജുകൾ നൂതന സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്ത് ഡിജിറ്റലായി മാപ്പുകൾ തയ്യാറാക്കിയിട്ടുള്ളതും, ബാക്കിയുള്ള 822 വില്ലേജുകളിൽ പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും, റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ഇപ്രകാരം പേപ്പർ ഫോർമാറ്റിൽ തയ്യാറാക്കിയിട്ടുള്ള മാപ്പുകൾ സംരക്ഷിക്കുന്നതിനും, ഓൺലൈനായി വിതരണം ചെയ്യുന്നതിനും 813 വില്ലേജുകളുടെ മാപ്പുകൾ (FMB) സ്കാൻ ചെയ്ത് സർവേയും ഭൂരേഖയും വകുപ്പ് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ വകുപ്പിൽ ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം 2 തലങ്ങളിലാണ് നിലവിൽ നടക്കുന്നത്. അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൽവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു. അപ്രകാരം സംസ്ഥാനത്തെ 103 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും | (ബി) | വില്ലേജ് ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും |

| | | | |
|---|---|---|---|
| | ഭൂരേഖ ഡിജിറ്റലൈസ് ചെയ്യുന്നതു സംബന്ധിച്ച് എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ? | | ഭൂരേഖ ഡിജിറ്റൽവൽക്കരണവുമായി ബന്ധപ്പെട്ട് ആദ്യഘട്ടമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവയിലെ വിവരങ്ങളാണ് (Textual Data) ഡിജിറ്റൈസ് ചെയ്തത്. Textual Data Digitization അന്തിമ ഘട്ടത്തിൽ എത്തിച്ചേർന്നപ്പോൾ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും നിലവിൽ സംസ്ഥാനത്തെ 103 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുമുണ്ട്. BTR, TPR സ്കാനിംഗ് പൂർത്തിയാകുന്നതോടെ റവന്യൂ റെക്കോർഡുകൾ ഓൺലൈൻ ആയി തന്നെ പരിശോധിക്കുവാനും ബന്ധപ്പെട്ട സേവനങ്ങൾ പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുവാനും സാധിക്കും. സംസ്ഥാനത്ത് ആകെ 87 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെയിങ് പൂർത്തിയായിട്ടുണ്ട്. അതിൽ 83 വില്ലേജുകളിൽ റവന്യൂ വകുപ്പിന്റെ ReLIS, സർവ്വേ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System) , സർവ്വേ വകുപ്പിന്റെ Emaps , രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്നിവ സംയോജിപ്പിച്ച് ഒരു Single Window Portal (ഏക ജാലക ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ